"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - കുടുംബശ്രീ എറണാകുളം ജില്ലാ മിഷനിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായ ശ്രീമതി. രഞ്ജിനി.എസ്(റിസർച്ച് ഓഫീസർ, ജില്ലാ പ്ലാനിംഗ് ഓഫീസ്, ഇടുക്കി)-യുടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്

**സ.ഉ.(സാധാ) നം.1865/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 10/10/2020

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ധന നം.സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ(പി)നം.580/2013/ധന

3 09.12.2016-ലെ സ.ഉ(സാധാ)നം.3362/2016/തസ്വഭവ

4 18.04.2018-ലെ സ.ഉ(സാധാ)നം.1103/2018/തസ്വഭവ

5 20.10.2019-ലെ സ.ഉ(സാധാ)നം.2306/2019/തസ്വഭവ

6 23.05.2020-ലെ സ.ഉ(സാധാ)നം.951/2020/തസ്വഭവ

7 കുടുംബശ്രീ ഡയറക്ടറുടെ 03.08.2020-ലെ 11595/ഇ1/2017/ കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

ഉത്തരവ്

ഇടുക്കി ജില്ലാ പ്ലാനിംഗ് ഓഫീസിലെ റിസർച്ച് ഓഫീസർ ആയ ശ്രീമതി.രഞ്ജിനി.എസ്-നെ പരാമർശം(3)ലെ സർക്കാർ ഉത്തരവു പ്രകാരം കുടുംബശ്രീ എറണാകുളം ജില്ലാ മിഷൻ ഓഫീസിൽ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി നിയമിക്കുകയും തുടർന്ന് പരാമർശം(4), (5), (6) എന്നിവ പ്രകാരം ടിയാളുടെ അന്യത്രസേവനം ദീർഘിപ്പിച്ചു നൽകുകയും ചെയ്തു. ടിയാളുടെ അന്യത്രസേവന കാലവധി 26/12/2019-ന് അവസാനിച്ചതായും 27/12/2019 മുതൽ ഒരു വർഷത്തേക്കു കൂടി അന്യത്രസേവലകാലം ദീർഘിപ്പിച്ചു നൽകണമെന്നും പരാമർശം (7)-ലെ കത്ത് പ്രകാരം കുടുംബശ്രീ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.രഞ്ജിനി.എസ്-03.09.2020 പ്രാബല്യത്തിൽ കുടുംബശ്രീയിൽ നിന്നും വിടുതൽ വാങ്ങി മാതൃവകുപ്പിലേക്ക് മടങ്ങിപ്പോയ സാഹചര്യത്തിൽ ടിയാളുടെ അന്യത്രസേവന കാലം കേരള സർവ്വീസ് റൂൾ ഭാഗം.1 ചട്ടം 140(സി)പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം(1) സർക്കുലറിലെയും പരാമർശം(2)ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 27/12/2019 മുതൽ 03/09/2020 വരെ ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ എ എസ്**

**അണ്ടർ സെക്രട്ടറി**

പകർപ്പ്

കുടുംബശ്രീ ഡയറക്ടർ,തിരുവനന്തപുരം

**File No.LSGD-IA1/228/2020-LSGD**

ശ്രീമതി.രഞ്ജിനി.എസ്(മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്,
തിരുവനന്തപുരം മുഖേന)

മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം

അക്കൌണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ, ), കേരള,
തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ